**അതോ ഹ്യന്യോന്യമാത്മാനം ബ്രഹ്മ ക്ഷത്രം ച രക്ഷത:**
**രക്ഷതി സ്മാവ്യയോ ദേവസ്സ യസ്സദസദാത്മക: (3–22–4)**
**അതോ ഭജിഷ്യേ സമയേന സാധ്വീം**
**യാവത്തേജോ ബിഭൃയാദാത്മനോ മേ**
**അതോ ധർമ്മാൻ പാരമഹംസ്യമുഖ്യാൻ**
**ശുക്ലപ്രോക്ത്താൻ ബഹുമന്യേ/വിഹിംസ്രാൻ (3–22–19)**

മൈത്രേയമുനി തുടർന്നു:
കർദ്ദമൻെറ പ്രശംസകൾ കേട്ട് ലോകത്തിലെ ആദ്യത്തെരാജാവും നിയമജ്ഞനുമായ സ്വായംഭുവമനു ഉചിതമായ ഉപചാരവാക്കുകളാൽ മുനിയെവാഴ്ത്തി. "ഭഗവാൻ, അങ്ങയെപ്പോലുള്ള ബ്രാഹ്മണരെ തൻെറ വദനത്തിൽനിന്നു സൃഷ്ടിച്ച്, അങ്ങിനെ തപസ്സിലും വിജ്ഞാനത്തിലും യോഗവിദ്യയിലും പ്രാവീണ്യമുള്ളവരും ഇന്ദ്രിയവിഷയങ്ങളിൽ ആസക്തിയില്ലാത്തവരുമാക്കിയിരിക്കുന്നു. അങ്ങിനെയുള്ളവരെ സംരക്ഷിക്കാനാണ് എന്നേപ്പോലുള്ള രാജാക്കന്മാരെ തൻെറ കരങ്ങളിൽനിന്നും ഭഗവാൻ സൃഷ്ടിച്ചിരിക്കുന്നത്. അതാണ് രാജാക്കന്മാരും മഹർഷിമാരും പരസ്പരം കാക്കുന്നത്. എന്തു കൊണ്ടെന്നാൽ രണ്ടുപേരും ഒരേ പരമാത്മാവിൻെറ ഭാഗങ്ങളത്രെ. അതുകൊണ്ട് ഭഗവാൻതന്നെയാണ് സ്വയം സംരക്ഷിക്കുന്നതും സംരക്ഷിക്കപ്പെടുന്നതും. അങ്ങയെക്കണ്ട് ആ കാലടികൾ വണങ്ങാൻ എനിക്കുകിട്ടിയ ഈ അവസരം എൻെറ ഏറ്റവുംവലിയ സൗഭാഗ്യമായി ഞാൻ കണക്കാക്കുന്നു. എൻെറ മകൾ ദേവഹൂതി അവളുടെഹൃദയം അങ്ങയിൽ സമർപ്പിച്ചിരിക്കയാണ്. നാരദമുനിയാണ് അങ്ങയേപ്പറ്റി അവളോടു പറഞ്ഞത്. അങ്ങ് ജീവിതം മുഴുവൻ ബ്രഹ്മചര്യവ്രതത്തിലല്ലാ എന്നറിയുന്നതുകൊണ്ട് എൻെറ മകളെ പാണിഗ്രഹണം ചെയ്യണമെന്ന് ഞാനഭ്യർത്ഥിക്കയാണ്. അവളെ ഭാര്യയായി സ്വീകരിച്ചാലും."

കർദ്ദമൻ പറഞ്ഞു. "തീർച്ചയായും അങ്ങയുടെ മകളെ വിവാഹംചെയ്ത് സൃഷ്ടാവിൻെറ കൽപ്പന നിറവേറ്റാനും അങ്ങിനെ ലോകത്ത് ജനസമ്പത്തുണ്ടാക്കാനും ഞാൻ തയ്യാറാണ്. ഭഗവൽപാദാരവിന്ദങ്ങളെ പൂജിക്കുന്ന ഒരുവനുമാത്രമേ അങ്ങയുടെ മകളും ഉത്താനപാദൻെറ സഹോദരിയുമായ ദേവഹൂതിയെ കാണാൻപോലും സാധിക്കൂ. അതുകൊണ്ട് ദേവഹൂതിയെ വേൾക്കുന്നത് എൻെറ സൗഭാഗ്യമായിത്തന്നെ ഞാൻ കരുതുന്നു. ഒരു നിബന്ധനയോടെ ഞാൻ അവളെ പാണിഗ്രഹണം ചെയ്തുകൊള്ളാം. അവൾക്കൊരു ആൺകുഞ്ഞുണ്ടാകുന്നതുവരെമാത്രമേ ഞാൻ അവളൊന്നിച്ചുകഴിയൂ. അതുകഴിഞ്ഞ് സന്യാസവൃത്തി സ്വീകരിക്കുന്നതാണ്. എന്തെന്നാൽ ഈ സന്യാസവൃത്തി ഭഗവൽപ്രോക്തവും, അഹിംസാധിഷ്ഠിതവും സർവ്വഥാ പ്രശംസനീയവുമത്രെ." ഇത്രയും പറഞ്ഞ് മഹർഷി ധ്യാനത്തിലാണ്ടു.

രാജ്ഞിയുടേയും മകളുടേയും അഭിപ്രായങ്ങൾ വ്യക്തമായി ചോദിച്ചറിഞ്ഞശേഷം സ്വായംഭുവമനു മകളെ കർദ്ദമനു വിവാഹം ചെയ്തുകൊടുത്തു. ദേവഹൂതി ദിവ്യഗുണങ്ങളുടെ വിളനിലമായിരുന്നു. ആ ദമ്പതികളോ ഉത്തമ ജോടിയും. വിവാഹച്ചടങ്ങിനുശേഷം മകളേയും ഭർത്താവിനേയും വിട്ട് മനു തൻെറ കൊട്ടാരത്തിലേക്ക് മടങ്ങിപ്പോയി.

ബ്രഹിസ്മതി എന്ന തലസ്ഥാനത്തിരുന്നു രാജ്യംഭരിച്ച മനുവാണ് ലോകത്തിലെ ഏറ്റവും പുരാതനമായ തത്വനിയമസംഹിതയായ മനുസ്മൃതി രചിച്ചത്. മനുഷ്യരുടെ ധർമ്മങ്ങളും പലേ തൊഴിലുകളിലുള്ളവരുടെ ചുമതലകളും മനുസ്മൃതിയിൽ പ്രതിപാദിച്ചിരിക്കുന്നു. എഴുപത്തിരണ്ട് ചതുർയുഗങ്ങളടങ്ങിയ ഒരു മന്വന്തരം മുഴുവനും സ്വായംഭുവമനു രാജാവായിരുന്നു. അദ്ദേഹം തൻെറ ജീവിതംമുഴുവനും ഭഗവാൻ വാസുദേവനെ മനസ്സിൽ ധ്യാനിച്ച് അവിടത്തെ പ്രകീർത്തിച്ചുപൂജിച്ച് നിമിഷങ്ങളെ ധന്യമാക്കി.